**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 200** **21-01-2021 - ൽ മറുപടിയ്ക്ക്**

**കായിക പരിശീലന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ജോർജ് എം .തോമസ് ,<br>ശ്രീ റ്റി . വി. രാജേഷ്,<br>ശ്രീ. സി.കെ. ഹരീന്ദ്രൻ ,<br>ശ്രീ യു. ആർ. പ്രദീപ് | | Shri E. P. Jayarajan<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ്മന്ത്രി) | |
| (എ) | ഈ സർക്കാർ വന്നശേഷം ദേശീയ, അന്തർദേശീയ മത്സരങ്ങളിൽ മികച്ച വിജയം കരസ്ഥമാക്കാൻ കായിക താരങ്ങളെ പ്രാപ്തരാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് അറിയിക്കുമോ; | (എ) | ഈ സർക്കാർ വന്നശേഷം ദേശീയ, അന്തർദേശീയ മത്സരങ്ങളിൽ മികച്ച വിജയം കരസ്ഥമാക്കുന്നതിനും കായികതാരങ്ങളെ പ്രാപ്തരാക്കുന്നതിനും കായിക വകുപ്പ് നിരവധി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. 2016-17, 2017-18 ബഡ്ജറ്റുകളിൽ ഉൾപ്പെടുത്തി കിഫ്ബി ധനസഹായത്തോടെ 14 ജില്ലാ സ്റ്റേഡിയങ്ങളും 43 പഞ്ചായത്ത് സ്റ്റേഡിയങ്ങളും ഏകദേശം 1000 കോടി രൂപ മുതൽ മുടക്കിൽ നിർമ്മിക്കുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇവയുടെ വിശദാംശം അനുബന്ധം-I ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്.. ലോകോത്തര നിലവാരമുള്ള ഷൂട്ടിംഗ് ചാമ്പ്യൻമാരെ വാർത്തെടുക്കുന്നതിനായി നാഷണൽ റൈഫിൾ അസോസിയേഷനുമായി ചേർന്ന് വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ചിൽ 2020 ഫെബ്രുവരി 3ന് കേരള ഷൂട്ടിംഗ് അക്കാദമി ആരംഭിച്ചു. ആദ്യ ബാച്ചിൽ 90 പേർക്ക് പരിശീലനം നടത്തിവരുന്നു. എന്നാൽ കോവിഡ് -19 രോഗവ്യാപനം കുറയ്ക്കുന്നതിന്റെ ഭാഗമായി താൽക്കാലികമായി പരിശീലനം നിർത്തിവച്ചിരിക്കുകയാണ്. നിലവിലെ സാഹചര്യം മാറുന്ന അവസരത്തിൽ പരിശീലനം പുനരാരംഭിക്കുന്നതാണ്. ജി.വി.രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവയെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക എന്ന ഉദ്ദേശ്യത്തോടെ ഇവയുടെ ഭരണ നിർവ്വഹണ ചുമതല പൂർണ്ണമായും കായികയുവജനകാര്യ ഡയറക്ടറിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്. കായിക വകുപ്പ് ഏറ്റെടുത്തതിനുശേഷം ഈ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് ദേശീയ അന്തർദേശീയ മത്സരങ്ങളിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കാൻ കഴിയും വിധം ലോകോത്തര നിലവാരത്തിലുള്ള |

പരിശീലനവും നൽകി വരുന്നതോടൊപ്പം താഴെപ്പറയുന്ന അടിസ്ഥാനസൗകര്യങ്ങളും ലഭ്യമാക്കി വരുന്നുണ്ട്. 1) ഓരോ കായിക ഇനത്തിനും മികച്ച കായിക ഉപകരണങ്ങൾ ആവശ്യാനുസരണം വാങ്ങി നൽകി വരുന്നു. 2) ജി.വി.രാജ സ്പോർട്സ് സ്കൂളിലും, കണ്ണൂർ സ്പോർട്സ് ഡിവിഷനിലും ഹോസ്റ്റലുകൾ, അടുക്കള, ഉൾപ്പെടെയുള്ളവയുടെ അടിസ്ഥാന സൗകര്യ വികസനങ്ങൾ ഒരുക്കിയിട്ടുണ്ട്. 3) പഠന നിലവാരം ഉയർത്തുന്നതിനായി ഇന്ററാക്ടീവ് ക്ലാസ്സ് റൂം, അറ്റൻഡൻസ് മാനേജ്മെന്റ് സിസ്റ്റം എന്നിവ ഒരുക്കിയിട്ടുണ്ട് 4) സുരക്ഷ ഉറപ്പാക്കുന്നതിനായി സി.സി.റ്റി.വി സ്ഥാപിച്ചിട്ടുണ്ട്. 5) വിവിധ കായിക ഇനങ്ങളിൽ അന്താരാഷ്ട്ര നിലവാരത്തിൽ കഴിവ് തെളിയിച്ച കായിക താരങ്ങളെ നേരിൽ കണ്ട് സംവദിക്കുന്നതിനും അതിൽ നിന്നും ഊർജ്ജം ഉൾക്കൊണ്ട് കൂടുതൽ മികവോടെ പരിശീലനം നടത്തി പ്രകടനം മെച്ചപ്പെടുത്തുന്നതിനും സഹായകമാകുന്ന "ലെജന്റ് ടോക് റ്റു യു"എന്ന പദ്ധതിയും, വിദേശ പരിശീലകരുടെ കീഴിൽ പരിശീലനം ഒരുക്കുന്നതിനുമുള്ള പദ്ധതിയും അംഗീകാരം നൽകിയിട്ടുണ്ട്. 6) ശാസ്ത്രീയമായി കുട്ടികളിലെ കഴിവുകൾ കണ്ടെത്തുന്നതിന് മസ്സിൽ ബയോപ്സി ടെസ്റ്റ് നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട് 7) പരിശീലനത്തിനിടയിലോ മത്സരങ്ങൾക്കിടയിലോ പരിക്കുകൾ പറ്റുന്ന വിദ്യാർത്ഥികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ സ്പോർട്സ് സ്കൂളുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കായികയുവജനകാര്യ വകുപ്പിന് കൈമാറി ലഭിച്ചിട്ടുള്ള ജി.വി.രാജാ സ്പോർട്സ് സ്കൂൾ, മൈലം, തിരുവനന്തപുരം, ഗവ.ജി.വി.എച്ച്.എസ്.എസ്, (സ്പോർട്സ്) കണ്ണൂർ എന്നിവിടങ്ങളിൽ കായിക അടിസ്ഥാന സൗകര്യ വികസനത്തിനായി നടത്തി വരുന്ന വിവിധ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. 1) ജിം ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. 2) ജി.വി.രാജാ സ്പോർട്സ് സ്കൂളിലെ 2 ബാസ്കറ്റ് ബോൾ കോർട്ടുകൾ, ഇൻഡോർ ഹാൾ നവീകരണം, ഹോക്കി കോർട്ട് നവീകരണം, ആൺകുട്ടികളുടെ ടോയ്‌ലെറ്റ്, സ്റ്റാഫ് കോർട്ടേഴ്സ്, ക്രിക്കറ്റ് പിച്ച്, ഹോസ്റ്റൽ കെട്ടിടത്തിലെ ഫ്ലോറിംഗ് എന്നിവയുടെ അറ്റകുറ്റപ്പണികളും പൂർത്തീകരിച്ചു. 3) ജി.വി.രാജാ സ്പോർട്സ് സ്കൂളിലെ ഇൻഡോർ കോർട്ട് പി.യു ഫ്ലോറിംഗ് പൂർത്തീകരിച്ചു. വോളീബോൾ കോർട്ട് നവീകരണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. 4) സിന്തറ്റിക് ഹോക്കി ടർഫ്, 6

വരി 400 മീറ്റർ അത്ലറ്റിക് ട്രാക്ക്, 8 വരി സ്റ്റേയിറ്റ് ട്രാക്ക് , സിന്തറ്റിക് ഫുട്ബോൾ ടർഫ്, പുതിയ ഹോസ്റ്റൽ നിർമ്മാണം പൂർത്തീകരിച്ചു. 5) കണ്ണൂർ സ്പോർട്സ് ഡിവിഷന്റെ ഹോസ്റ്റലിന്റെ ഒന്ന്, രണ്ട് നിലകളുടെ നിർമ്മാണം പൂർത്തീകരിച്ചു. 6) പരിശീലകരുടെ കുറവ് നികത്തുന്നതിനായി ഓരോ ഇനത്തിലും ആവശ്യമായ പരിശീലകരെ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. 7) കേരളത്തിലെ പരിശീലകരെ പരിശീലിപ്പിക്കുന്നതിനു വേണ്ടി ആസ്ത്രേലിയയിലെ വിക്ടോറിയ സർവ്വകലാശാലയുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിനായി ധാരണാപത്രം ഒപ്പ് വച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. ഓപ്പറേഷൻ ഒളിമ്പ്യ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന 2020,2024-ലെ ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി അത്ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്ലിംഗ്, ബാഡ്മിന്റൺ, കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ 11 കായിക ഇനങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട കായിക താരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ". ആദ്യഘട്ടത്തിൽ ആർച്ചറി, ഷൂട്ടിംഗ് എന്നീ കായികയിനങ്ങളെ ഒഴിവാക്കുകയും 9 കായികയിനങ്ങളിൽ പരിശീലനം നൽകി വരികയും ചെയ്തു. തുടർന്ന് 9 കായികയിനങ്ങളിൽ നിന്നും ദേശീയ അന്തർദേശീയ നിലവാരമുള്ള ബോക്സിംഗ്, ബാഡ്മിന്റൺ, റോവിംഗ്, ഫെൻസിംഗ്, അത്ലറ്റിക്സ് എന്നീ കായികയിനങ്ങളെ ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിലുൾപ്പെടുത്തി തുടരുവാനും ബാക്കിയുള്ള 4 കായികയിനങ്ങളായ സൈക്ലിംഗ്, റസ്ലിംഗ്, സ്വിമ്മിംഗ്, കനോയിംഗ് & കയാക്കിംഗ് എന്നിവ ഫീഡിംഗ് സെന്ററായി (സി.എച്ച്.എസ് മോഡൽ) തുടരുവാനും തീരുമാനിച്ചിട്ടുണ്ട്. എലൈറ്റ് സ്കീം മികച്ച കായിക താരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നത പരിശീലനം നൽകി ലോകോത്തര നിലവാരമുള്ള കളിക്കാരാക്കി മാറ്റുന്നതിന് അത്ലറ്റിക്സ്, വോളീബോൾ, ഫെൻസിംഗ്, ബാസ്കറ്റ് ബോൾ എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനു കീഴിൽ പ്രവർത്തിക്കുന്നുണ്ട്. ദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്ന കായിക താരങ്ങൾക്ക് പരിശീലനത്തിനും, പങ്കെടുക്കുന്നതിനും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ അംഗീകാരമുള്ള

| | | | |
|---|---|---|---|
| | | | വിവിധ കായിക അസോസിയേഷനുകൾക്ക് ഗ്രാന്റ് അനുവദിച്ചു വരുന്നു. മികച്ച കായിക താരങ്ങളെ കണ്ടെത്തി അവർക്ക് ഡോ.എ.പി.ജെ.അബ്ദുൽ കലാം സ്കോളർഷിപ്പും അന്തർദേശീയ കായിക മത്സരങ്ങളിൽ പങ്കെടുക്കുന്ന കായിക താരങ്ങൾക്ക് കിറ്റ് അലവൻസും അനുവദിച്ചു വരുന്നു. മികച്ച കായികതാരങ്ങളെ തെരഞ്ഞെടുത്ത് അവർക്ക് ഉന്നത പരിശീലനം ലക്ഷ്യമാക്കി സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ അധീനതയിൽ 31 ജില്ലാ സ്പോർട്സ് അക്കാഡമികൾ, 51 കോളേജ് സ്പോർട്സ് അക്കാഡമികൾ, 22 സ്കൂൾ സ്പോർട്സ് അക്കാഡമികൾ 9റൂറൽ സ്പോർട്സ് കോച്ചിംഗ് സെന്ററുകൾ എന്നിവയും, 14 ജില്ലകളിലായി 70 ഡേ ബോർഡിംഗ് സെന്ററുകളും പ്രവർത്തിച്ചു വരുന്നു. ഈ സെന്ററുകളിലൂടെ മികച്ച കായിക പരിശീലനം നൽകി വരുന്നു. |
| (ബി) | ഒളിമ്പിക്സ് മെഡൽ ലക്ഷ്യമിട്ട് കായിക താരങ്ങൾക്ക് പരിശീലനം നൽകുന്ന 'ഓപ്പറേഷൻ ഒളിമ്പിയ' യുടെ പുരോഗതി വിശദമാക്കുമോ; | (ബി) | 2020-24ൽ ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന നടപ്പിലാക്കുന്ന പ്രമുഖ കായിക പദ്ധതിയായ ഓപ്പറേഷൻ ഒളിമ്പ്യ നിലവിൽ ബോക്സിംഗ് കായികയിനം തിരുവനന്തപുരം ജില്ലയിലും റോവിംഗ് ആലപ്പുഴ ജില്ലയിലും ബാഡ്മിന്റൺ എറണാകുളം ജില്ലയിലും ഫെൻസിംഗ് കണ്ണൂർ ജില്ലയിലും പരിശീലനം നൽകി വരുന്നു. ഓരോ കായികയിനത്തിലും 15 കായികതാരങ്ങൾ വീതമാണ് പരിശീലനം നടത്തി വരുന്നത്. ഓരോ വർഷത്തിലും പരിശീലനത്തിന്റെ മികവ് വിലയിരുത്തി വീഡ് ഔഡ് നടത്തി വരുന്നുണ്ട്. ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിൽ പരിശീലനം നേടി വരുന്ന കായികതാരങ്ങൾ 2018 മുതൽ വിവിധ കായികമത്സരങ്ങളിൽ സ്വർണ്ണം-20, വെള്ളി-13, വെങ്കലം-14 എന്നിങ്ങനെ മെഡലുകൾ കരസ്ഥമാക്കിയിട്ടുണ്ട്. കോവിഡ്-19 വ്യാപനത്തെതുടർന്ന് നടപ്പു വർഷം പരിശീലനങ്ങൾ നിർത്തിവച്ചിരിക്കുകയാണ്. |
| (സി) | കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനുള്ള സ്പ്ലാഷ് പദ്ധതി ഏതെല്ലാം ജില്ലകളിലാണ് ആരംഭിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; വിശദാംശം നൽകുമോ; | (സി) | ജലാശയ അപകടങ്ങളുടെ തോത് കുറയ്ക്കുന്നതിനായി സ്കൂൾ വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സപ്ലാഷ് പദ്ധതി. എട്ട് മുതൽ പതിനെട്ട് വയസ്സ് വരെ പ്രായമുള്ള സ്കൂൾ വിദ്യാർത്ഥികൾക്കാണ് പരിശീലനം നൽകുന്നത്. രക്ഷിതാക്കളുടെ സമ്മതപത്രം മാത്രമാണ് പദ്ധതിയിലേക്ക് തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം. പ്രാരംഭ ഘട്ടമെന്ന നിലയിൽ കാസർഗോഡ്, വയനാട്, |

| | | | |
|---|---|---|---|
| | | | പാലക്കാട്, തൃശ്ശൂർ, ഇടുക്കി ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. എന്നാൽ കോവിഡ് -19 രോഗവ്യാപനം കുറയ്ക്കുന്നതിനായി താൽക്കാലികമായി പരിശീലനം നിർത്തിവച്ചിരിക്കുകയാണ്. നിലവിലെ സാഹചര്യം മാറുന്ന അവസരത്തിൽ പരിശീലനം പുനരാരംഭിക്കുന്നതാണ്. |
| (ഡി) | ചെറുപ്രായത്തിൽ തന്നെ ഫുട്ബോൾ പ്രതിഭകളെ കണ്ടെത്തുന്നതിനുള്ള കിക്കോഫ് പദ്ധതിയുടെ പ്രവർത്തനം വിശദമാക്കുമോ? | (ഡി) | ഫുട്ബോൾ ലോകറാങ്കിങ്ങിൽ ഇന്ത്യയുടെ നിലവാരം ഉയർത്താൻ സഹായകമാകുന്ന രീതിയിൽ കേരളത്തിലെ നഗര ഗ്രാമീണ മേഖലയിൽ ഫുട്ബോൾ കളിയിൽ തൽപരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ കളിക്കാരായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് കിക്കോഫ് എന്ന ഗ്രാസ്സ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി. പ്രൈമറി സ്കൂൾ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തിയാണ് പ്രസ്തുത പദ്ധതിയിലേക്ക് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. നിലവിൽ സംസ്ഥാനത്ത് 19 സെന്ററുകളിൽ നടപ്പിലാക്കി വരുന്ന പദ്ധതി നടപ്പ് സാമ്പത്തിക വർഷം പെൺകുട്ടികൾക്കു വേണ്ടിയുള്ള 14 സെന്ററുകളിലേക്ക് കൂടി വ്യാപിക്കുന്നതിനായി കുട്ടികളുടെ സെലക്ഷൻ നടപടികൾ പൂർത്തികരിച്ചിട്ടുണ്ട്. കോവിഡ് -19 രോഗവ്യാപനം കുറയ്ക്കുന്നതിനായി താൽക്കാലികമായി പരിശീലനം നിർത്തിവച്ചിരിക്കുകയാണ്. നിലവിലെ സാഹചര്യം മാറുന്ന അവസരത്തിൽ പരിശീലനം പുനരാരംഭിക്കുന്നതാണ്. പരിശീലന കേന്ദ്രങ്ങളുടെ പട്ടിക അനുബന്ധം-IIൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം -I

## (എ) കായികയുവജന കാര്യാലയം വഴി നേരിട്ട് നടത്തുന്ന പദ്ധതികൾ

| നം | പദ്ധതിയുടെ പേര് | ഭരണാനുമതി തുക |
|---|---|---|
| | **കണ്ണൂർ** | |
| 1 | പിണറായി സ്വിമ്മിംഗ് പൂൾ | 1.16 കോടി |
| 2 | പിലാത്തറ ഇൻഡോർ സ്റ്റേഡിയം നിർമ്മാണം | 1.82 കോടി |
| 3 | മുണ്ടയാട് ഇൻഡോർ സ്റ്റേഡിയത്തിലെ സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ | 1.09 കോടി |
| 4 | കണ്ണൂർ സ്പോർട്സ് ഡിവിഷൻ ജി.വി.എച്ച്.എസ്.എസ് വോളീബോൾ കോർട്ട്, ബാസ്ക്കറ്റ് ബോൾ കോർട്ട് എന്നിവയുടെ നിർമ്മാണം | 2.5 കോടി |
| 5 | കണ്ണൂർ സ്പോർട്സ് ഡിവിഷൻ ഹോസ്റ്റൽ നവീകരണം പുതിയ ഹോസ്റ്റൽ ബ്ലോക്ക് (ഒന്നും രണ്ടും നിലകൾ), കിച്ചൺ & ടോയ്ലറ്റ് ബ്ലോക്ക്, അഡ്മിൻ ബ്ലോക്ക് | 4 കോടി |
| | **വയനാട്** | |
| 6 | ആർച്ചറി അക്കാഡമിയിലെ പ്രീഫാബ് ഹോസ്റ്റലുകളുടെ നിർമ്മാണവും അനുബന്ധ പ്രവൃത്തികളും | 1.75 കോടി |
| | **കോഴിക്കോട്** | |
| 7 | നടക്കാവ് സ്വിമ്മിംഗ് പൂൾ & ഹെൽത്ത് ക്ലബ്ബ് പുനരുദ്ധാരണം | 40 ലക്ഷം |
| 8 | വി.കെ.കെ.മേനോൻ ഇൻഡോർ സ്റ്റേഡിയത്തിലെ സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ | 54.40 ലക്ഷം |
| | **മലപ്പുറം** | |
| 9 | മഞ്ചേരി സ്പോർട്സ് കോംപ്ലക്സ് നവീകരണവും ഫ്ലഡ് ലൈറ്റ് സ്ഥാപിക്കലും | 4.76 കോടി |
| | **പാലക്കാട്** | |
| 10 | കണ്ണമ്പ്ര പഞ്ചായത്തിലെ ഫുട്ബോൾ സ്റ്റേഡിയം | 3 കോടി |

| | | |
|---|---|---|
| 11 | കോട്ടായി ഹയർ സെക്കന്ററി സ്കൂളിൽ 200 മീറ്റർ സിന്തറ്റിക് ട്രാക്ക് നിർമ്മിക്കൽ | 7 കോടി |
| | **തൃശ്ശൂർ** | |
| 12 | അക്വാട്ടിക് കോംപ്ലക്സ് നവീകരണം | 7 കോടി |
| 13 | വേലൂർ സ്കൂൾ ഗ്രൗണ്ട് നവീകരണം | 1 കോടി |
| 14 | കുന്നംകുളം സ്കൂൾ ഗ്രൗണ്ട് (ഫുട്ബോൾ കോർട്ട്) നിർമ്മാണവും മറ്റ് അനുബന്ധ പ്രവൃത്തികളും | 5 കോടി |
| 15 | വി.കെ.എൻ.മേനോൻ ഇൻഡോർ സ്റ്റേഡിയത്തിലെ സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ | 54.40 ലക്ഷം |
| | **ഇടുക്കി** | |
| 16 | വോളിബോൾ അക്കാഡമി (മേപ്പിൾ വുഡ് ഫ്ലോറിംഗ്) | 46 ലക്ഷം |
| | **ആലപ്പുഴ** | |
| 17 | രാജ കേശവദാസ് സ്വിമ്മിംഗ് പൂൾ നവീകരണം | 5 കോടി |
| | **കൊല്ലം** | |
| 18 | ഹോക്കി സ്റ്റേഡിയത്തിലെ സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ | 34.22 ലക്ഷം |
| | **തിരുവനന്തപുരം** | |
| 19 | ശ്രീപാദം സ്റ്റേഡിയം ആറ്റിങ്ങൽ പോപ്പ് അപ്പ് സ്പ്രിംഗ്ളർ സംവിധാനത്തോടുകൂടിയ നാച്ചുറൽ ഫുട്ബോൾ കോർട്ട്, സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ എന്നിവ | 2.09 കോടി |
| 20 | ജി.വി.രാജാ സ്പോർട്സ് സ്കൂൾ, മൈലം, സിന്തറ്റിക് ഫുട്ബോൾ ഗ്രൗണ്ട്, 400 മീറ്റർ സിന്തറ്റിക് ട്രാക്ക്, സിന്തറ്റിക് ഹോക്കി ടർഫ്, സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ എന്നിവ | 16 കോടി |
| 21 | പിരപ്പൻകോട് സ്വിമ്മിംഗ് പൂളിലെ സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ | 32.07 ലക്ഷം |
| 22 | വട്ടിയൂർക്കാവ് ഷൂട്ടിംഗ് അക്കാഡമിയിലെ സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ | 90.81 ലക്ഷം |
| 23 | ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയത്തിലെ സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ | 65.40 ലക്ഷം |

## (ബി) കിഫ്ബി പദ്ധതികൾ

| നം | പദ്ധതിയുടെ പേര് | ഭരണാനുമതി തുക (കോടിയിൽ) |
| --- | --- | --- |
| | **ജില്ലാ സ്റ്റേഡിയങ്ങൾ (14 എണ്ണം)** | |
| | **കാസർഗോഡ്** | |
| 1 | എം.ആർ.സി കൃഷ്ണൻ ഇൻഡോർ സ്റ്റേഡിയം | ഭരണാനുമതി തുക പരാമർശിച്ചിട്ടില്ല |
| | **കണ്ണൂർ** | |
| 2 | ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം | 48.18 |
| | **വയനാട്** | |
| 3 | സി.കെ.ഓംകാരനാഥൻ ഇൻഡോർ സ്റ്റേഡിയം | 42.19 |
| | **കോഴിക്കോട്** | |
| 4 | ഒളിമ്പ്യൻ റഹ്മാൻ ഇൻഡോർ സ്റ്റേഡിയം | 60 |
| | **മലപ്പുറം** | |
| 5 | മൊയ്തീൻ കുട്ടി ഇൻഡോർ സ്റ്റേഡിയം | 45 |
| | **പാലക്കാട്** | |
| 6 | കെ.കെ.പ്രേമചന്ദ്രൻ ഇൻഡോർ സ്റ്റേഡിയം | 40 |
| | **തൃശ്ശൂർ** | |
| 7 | ഐ.എം.വിജയൻ ഇൻഡോർ സ്റ്റേഡിയം | 70.56 |
| | **എറണാകുളം** | |
| 8 | ഒളിമ്പ്യൻ ചന്ദ്രശേഖരൻ ഇൻഡോർ സ്റ്റേഡിയം | 40 |
| | **ഇടുക്കി** | |
| 9 | കെ.പി.തോമസ്സ് ഇൻഡോർ സ്റ്റേഡിയം | 40 |
| | **കോട്ടയം** | |
| 10 | സൂസൻ മേബിൾ തോമസ് ഇൻഡോർ സ്റ്റേഡിയം | 38.19 |
| | **ആലപ്പുഴ** | |
| 11 | ഉദയകുമാർ ഇൻഡോർ സ്റ്റേഡിയം | 40 |
| | **പത്തനംതിട്ട** | |
| 12 | ബ്ലസൻ ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം | 40 |

| | | |
|---|---|---|
| **കൊല്ലം** | | |
| 13 | ഒളിമ്പ്യൻ സുരേഷ് ബാബു ഇൻഡോർ സ്റ്റേഡിയം | 40 |
| **തിരുവനന്തപുരം** | | |
| 14 | തോമസ്സ് സെബാസ്റ്റ്യൻ ഇൻഡോർ സ്റ്റേഡിയം | 58.47 |
| **പഞ്ചായത്ത് കളിസ്ഥലം -ബഡ്ജറ്റ് 2016-17 (33 എണ്ണം)** | | |
| **കാസർഗോഡ്** | | |
| 1 | നീലേശ്വരം ഇ.എം.എസ്.സ്റ്റേഡിയം | 20.76 |
| **കണ്ണൂർ** | | |
| 2 | ധർമ്മടം അബു ചാത്തുക്കുട്ടി സ്റ്റേഡിയം | 5 |
| 3 | കൂത്തുപറമ്പ് മുനിസിപ്പൽ സ്റ്റേഡിയം | 5 |
| 4 | തലശ്ശേരി വി.ആർ.കൃഷ്ണയ്യർ സ്റ്റേഡിയം | 13.2 |
| 5 | മട്ടന്നൂർ സ്റ്റേഡിയം | 5 |
| 6 | പടിയൂർ ഇൻഡോർ സ്റ്റേഡിയം | ഭരണാനുമതി തുക പരാമർശിച്ചിട്ടില്ല |
| 7 | കണ്ണൂർ ജവഹർ സ്റ്റേഡിയം | 11.1 |
| **വയനാട്** | | |
| 8 | വയനാട് ജില്ലാ സ്റ്റേഡിയം (ജിനചന്ദ്ര സ്റ്റേഡിയം) | 18.73 |
| **കോഴിക്കോട്** | | |
| 9 | നടുവണ്ണൂർ വോളിബോൾ അക്കാഡമി | 10.63 |
| 10 | പുല്ലൂരാംപാറ തിരുവമ്പാടി | ഭരണാനുമതി തുക പരാമർശിച്ചിട്ടില്ല |
| **മലപ്പുറം** | | |
| 11 | എടപ്പാൾ ഗവ.എച്ച്.എസ്.എസ് മലപ്പുറം | 15.69 രണ്ട് പദ്ധതികൾക്കായി |
| 12 | നിലമ്പൂർ മിനി സ്റ്റേഡിയം | 17.26 |
| 13 | താനൂർ സ്റ്റേഡിയം | 19.14 |
| 14 | പൊന്നാനി നിളാതീരം അക്വാട്ടിക് സ്പോർട്സ് കോംപ്ലക്സ് | 12.77 |
| **പാലക്കാട്** | | |
| 15 | തിരുമിറ്റക്കോട് ചാത്തന്നൂർ എച്ച്.എസ്.എസ് | 15.69 |

| | | |
|---|---|---|
| | | രണ്ട് പദ്ധതികൾക്കായി |
| 16 | ചിറ്റൂർ ഗവ.കോളേജ് സ്പോർട്സ് കോംപ്ലക്സ് | 14.35 |
| 17 | മൾട്ടിപ്പിൾ ഇൻഡോർ സ്റ്റേഡിയം, പട്ടാമ്പി കോളേജ് | 10 |
| 18 | പാലക്കാട് ഇൻഡോർ സ്റ്റേഡിയം | 5 |
| | **തൃശ്ശൂർ** | |
| 19 | ചാലക്കുടി മുനിസിപ്പൽ സ്റ്റേഡിയം | 5 |
| | **എറണാകുളം** | |
| 20 | കോതമംഗലം ചേലാട് സ്റ്റേഡിയം | ഭരണാനുമതി നൽകിയിട്ടുണ്ട്. തുക പരാമർശിച്ചിട്ടില്ല |
| 21 | എളങ്കുന്നപ്പുഴ സാന്താക്രൂസ്സ് ഗ്രൗണ്ട് | 5 |
| | **ഇടുക്കി** | |
| 22 | നെടുങ്കണ്ടം സ്റ്റേഡിയം | 5 |
| | **കോട്ടയം** | |
| 23 | ഐയ്മനം പഞ്ചായത്ത് സ്റ്റേഡിയം | 11.54 രണ്ട് പദ്ധതികൾക്കായി |
| | **ആലപ്പുഴ** | |
| 24 | പ്രീതികുളങ്ങര സ്കൂൾ സ്റ്റേഡിയം | 14.17 രണ്ട് പദ്ധതികൾക്കായി |
| 25 | പള്ളിപ്പുറം എഞ്ചിനീയറിംഗ് കോളേജ് ഗ്രൗണ്ട്, അരൂർ | 16.83 |
| 26 | അമ്പലപ്പുഴ ഗവൺമെന്റ് കോളേജ് ഗ്രൗണ്ട് | ഭരണാനുമതി നൽകിയിട്ടുണ്ട്. തുക പരാമർശിച്ചിട്ടില്ല |
| 27 | ആലപ്പുഴ റോവിംഗ് ട്രാക്ക് | 10 |
| 28 | ആലപ്പുഴ ഇ.എം.എസ് സ്റ്റേഡിയം - രണ്ടാം ഘട്ടം | 14.17 രണ്ട് പദ്ധതികൾക്കായി |
| | **പത്തനംതിട്ട** | |
| 29 | കൊടുമൺ സ്റ്റേഡിയം | 15.86 |
| 30 | അടൂർ മുനിസിപ്പൽ സ്റ്റേഡിയം | 13.32 |
| | **കൊല്ലം** | |
| 31 | കൊറ്റംക്കര മിനി സ്റ്റേഡിയം | - |

| | | |
|---|---|---|
| | **തിരുവനന്തപുരം** | |
| 32 | ജി.വി.രാജാ സെന്റർ ഫോർ എക്സലൻസ് | 30 |
| 33 | ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയം | 11.54<br>രണ്ട് പദ്ധതികൾക്കായി |
| | **പഞ്ചായത്ത് കളിസ്ഥലം - ബഡ്ജറ്റ് 2017-18 (11 എണ്ണം)** | |
| | **കണ്ണൂർ** | |
| 1 | പയ്യന്നൂർ ഫുട്ബോൾ സ്റ്റേഡിയം, കണ്ണൂർ | 10 |
| 2 | പയ്യന്നൂർ മുനിസിപ്പൽ സ്റ്റേഡിയം | 10 |
| 3 | മട്ടന്നൂർ സ്വിമ്മിംഗ് പൂൾ | 15 |
| | **കോഴിക്കോട്** | |
| 4 | വടകര ഇൻഡോർ സ്റ്റേഡിയം, കോഴിക്കോട് | 10 |
| 5 | ശ്രീനാരായണ നഗരം ഇൻഡോർ സ്റ്റേഡിയം | 10 |
| 6 | ഫറൂഖ് ഗണപതി സ്കൂൾ, കോഴിക്കോട് | 10 |
| 7 | മേപ്പയ്യൂർ സ്കൂൾ, കോഴിക്കോട് | 10 |
| | **മലപ്പുറം** | |
| 8 | തിരൂർ ഫുട്ബോൾ സ്റ്റേഡിയം, മലപ്പുറം | 10 |
| | **പാലക്കാട്** | |
| 9 | പറളി സ്കൂൾ, പാലക്കാട് | 10 |
| | **തൃശ്ശൂർ** | |
| 10 | തൃശ്ശൂർ അക്വാട്ടിക് കോംപ്ലക്സ് | 5 |
| | **കൊല്ലം** | |
| 11 | പുനലൂർ മുനിസിപ്പൽ സ്റ്റേഡിയം | 10 |

S.O

## അനുബന്ധം - II

| ക്രമ നം | ജില്ല | കേന്ദ്രം |
|---|---|---|
| 1 | കാസർഗോഡ് | ജി.എഫ്.എച്ച്.എസ്.എസ്.പടന്നക്കടപ്പുറം |
| 2 | കണ്ണൂർ | ജി.എച്ച്.എസ്.എസ്.കുടാളി |
| 3 | കണ്ണൂർ | കെ.പി.ആർ.ജി.എസ്.ജി.എച്ച്.എസ്.എസ്, കല്യാശ്ശേരി |
| 4 | കണ്ണൂർ | ജി.എച്ച്.എസ്.എസ്.ചിറ്റാരിപ്പറമ്പ് |
| 5 | കണ്ണൂർ | ജി.ജി.എച്ച്.എസ്.എസ്.പയ്യന്നൂർ (ഗേൾസ്) |
| 6 | വയനാട് | ജി.എച്ച്.എസ്.എസ്.പനമരം |
| 7 | കോഴിക്കോട് | ജി.എച്ച്.എസ്.എസ് പായമ്പ്ര |
| 8 | മലപ്പുറം | രാജാസ് ജി.എച്ച്.എസ്.എസ്.കോട്ടക്കൽ |
| 9 | പാലക്കാട് | ജി.എച്ച്.എസ്.എസ്, കാരാക്കുറശ്ശി |
| 10 | പാലക്കാട് | ജി.എച്ച്.എസ്.എസ്, പട്ടാമ്പി |
| 11 | തൃശ്ശൂർ | ജി.എച്ച്.എസ്.എസ്, എരുമപ്പെട്ടി |
| 12 | തൃശ്ശൂർ | ജി.എച്ച്.എസ്.എസ്, മണത്തല |
| 13 | എറണാകുളം | ജി.എച്ച്.എസ്.എസ്, എളങ്കുന്നപ്പുഴ |
| 14 | ഇടുക്കി | ട്രൈബൽ ജി.എച്ച്.എസ്.എസ്, കട്ടപ്പന |
| 15 | കോട്ടയം | ജി.ബി.എച്ച്.എസ്.എസ്, വൈക്കം |
| 16 | ആലപ്പുഴ | ജി.എച്ച്.എസ്.എസ്, കലവൂർ |
| 17 | പത്തനംതിട്ട | കെ.എൻ.എം.ജി.എച്ച്.എസ്.എസ്, കവിയൂർ |
| 18 | കൊല്ലം | ജി.എച്ച്.എസ്.എസ്, ശങ്കരമംഗലം |
| 19 | തിരുവനന്തപുരം | ജി.വി.എച്ച്.എസ്.എസ്, കുളത്തൂർ |
| **കിക്കോഫ് (ഗേൾസ്) പരിശീലന കേന്ദ്രങ്ങൾ 2019-20** | | |
| 20 | കാസർഗോഡ് | ജി.എച്ച്.എസ്.എസ്.ബല്ല ഈസ്റ്റ്, കാഞ്ഞങ്ങാട് |
| 21 | കണ്ണൂർ | എ.കെ.ജി.ജി.എച്ച്.എസ്.എസ്, പെരളശ്ശേരി |
| 22 | കോഴിക്കോട് | ജി.വി.എച്ച്.എസ്.എസ്, കൊയിലാണ്ടി |
| 23 | കോഴിക്കോട് | ആർ.ഇ.സി.ജി.വി.എച്ച്.എസ്.എസ്, ചാത്തമംഗലം |
| 24 | മലപ്പുറം | മാനവേദൻ ജി.വി.എച്ച്.എസ്.എസ്, നിലമ്പൂർ |

| | | |
|---|---|---|
| 25 | തൃശ്ശൂർ | ജി.എച്ച്.എസ്.എസ്, കൊടകര |
| 26 | തൃശ്ശൂർ | അളകപ്പനഗർ ജി.പി.എച്ച്.എസ്.എസ്, ആമ്പല്ലൂർ |
| 27 | എറണാകുളം | എഡ്വേർഡ് മെമ്മോറിയൽ<br>ജി.ജി.എച്ച്.എസ്.എസ്,ഫോർട്ട് കൊച്ചി |
| 28 | ഇടുക്കി | ജി.വി.എച്ച്.എസ്.എസ്, കുമളി |
| 29 | കോട്ടയം | ജി.എച്ച്.എസ്.കുന്നുംഭാഗം, കാഞ്ഞിരപ്പള്ളി |
| 30 | ആലപ്പുഴ | ജി.എച്ച്.എസ്.എസ്, തിരുന്നല്ലൂർ |
| 31 | പത്തനംതിട്ട | ജി.എച്ച്.എസ്.എസ്, കൊയിപ്രം |
| 32 | കൊല്ലം | ജി.എം.എച്ച്.എസ്.എസ്, വെട്ടിക്കവല, പത്തനാപുരം |
| 33 | തിരുവനന്തപുരം | ജി.ജി.എച്ച്.എസ്.എസ്, മലയിൻകീഴ് |

S.O